**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1227** **19-06-2024 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക് ഭൂമി ഒഴിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നാട്ടിക നിയോജകമണ്ഡലത്തിലെ താന്ന്യം ഗ്രാമപഞ്ചായത്തിൽ കിഴപ്പിളിക്കര സെന്ററിൽ പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ നിർദ്ദേശ പ്രകാരം ജില്ലാ സർവ്വേ വകുപ്പ് അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; | (എ) | നാട്ടിക നിയോജക മണ്ഡലത്തിലെ താന്ന്യം പഞ്ചായത്തിൽ കുഴപ്പിള്ളിക്കര സെന്ററിൽ പുറമ്പോക്ക് ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ നിർദ്ദേശപ്രകാരം ജില്ലാ സർവേയർ അളന്നു തിട്ടപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | കിഴപ്പിളിക്കര സെന്റർ വികസിപ്പിക്കുന്നതിന്റെ ഭാഗമായി പുറമ്പോക്ക് ഭൂമി കയ്യേറിയവരിൽ നിന്നും തിരിച്ചു പിടിക്കാൻ സ്ഥലം എം. എൽ. എ. പൊതുമരാമത്ത് വകുപ്പ് മന്ത്രിക്ക് പരാതി നൽകിയത് പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ; | (ബി) | സ്ഥലം എം.എൽ.എ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പുറമ്പോക്ക് ഭൂമി കൈയേറിയവർക്ക് 29.11.2023 തീയതിയിൽ നോട്ടീസ് നൽകിയിട്ടുള്ളതാണ്. നോട്ടീസ് ലഭിച്ചതിനെത്തുടർന്ന് സ്ഥലം കൈയ്യേറിയവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും തുടർ നടപടികൾ നിർത്തി വയ്ക്കുന്നതിനായി താൽക്കാലികമായി സ്റ്റേ വാങ്ങിയിട്ടുണ്ട്.<br><br>ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസിലെ വിധി പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | കിഴപ്പിളിക്കര സെന്റർ പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക് ഭൂമി കയ്യേറിയത് ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ? | (സി) | സ്ഥലം എം.എൽ.എ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ പുറമ്പോക്ക് ഭൂമി കൈയേറിയവർക്ക് 29.11.2023 തീയതിയിൽ നോട്ടീസ് നൽകിയിട്ടുള്ളതാണ്. നോട്ടീസ് ലഭിച്ചതിനെത്തുടർന്ന് സ്ഥലം കൈയ്യേറിയവർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും തുടർ നടപടികൾ നിർത്തി വയ്ക്കുന്നതിനായി താൽക്കാലികമായി സ്റ്റേ വാങ്ങിയിട്ടുണ്ട്.<br><br>ബഹു. ഹൈക്കോടതിയുടെ പരിഗണനയിലുള്ള കേസിലെ വിധി പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ